Since 1951

# Jubilet

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

Happy New Year 2015

Issue No. 1 JANUARY 2015

## CEO's Message



*സ്നേഹമുള്ളവരേ,*

പ്രത്യാശയും, പ്രതീക്ഷയും പകർന്നുകൊണ്ട് 2015 വന്നെത്തിയിരിക്കുന്നു. എല്ലാ ജൂബിലി അംഗങ്ങൾക്കും സന്തോഷവും, സമാധാനവും നിറഞ്ഞ ഒരു നല്ല വർഷം സഹർഷം നേരുന്നു. ആതുരശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്യുന്ന 'Jubilee Mission Hospital ഇന്ന് വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. നമ്മിൽ വിശ്വാസമർപ്പിച്ചെത്തുന്നവർക്ക് ഏറ്റവും നല്ല ചികിത്സയും, പരിപാലനയും ലഭ്യമാക്കുന്നതിനായി നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം. 'ചെയ്യുന്നതെന്തും, കൂടുതൽ നന്നായി ചെയ്യുക' എന്ന ആശയത്തിൽ നമുക്ക് വ്യാപരിക്കാം. കലാപരവും, സാഹിത്യപരവുമായ അഭിരുചികൾ വളർത്തുന്നതിനോടൊപ്പം, അംഗങ്ങൾ തമ്മിൽ കൂടുതൽ അടുത്തറിയുന്നതിനും, വിശേഷങ്ങൾ പങ്കുവെയ്ക്കുന്നതിനും വേണ്ടി ആരംഭിച്ച 'Jubilet' വളരെയധികം ഹൃദ്യമായിരിക്കുന്നു. ഈ പുതുവർഷത്തിലെ ഓരോ നിമിഷവും അവിസ്മരണീയവും, വളരെയധികം വിലപ്പെട്ടതും, സന്തോഷപ്രദവുമാക്കാൻ നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം.

*സ്നേഹത്തോടെ,*

**ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ**

## Editor's Desk

*സ്നേഹമുള്ള ജൂബിലി കുടുംബാംഗങ്ങളേ,*

***"You may have a fresh start at any moment you choose, for this thing that we call 'failure' is not the falling down, but the staying down."***
***- Mary Pickford***

പുതിയൊരു വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പുതുവർഷം എപ്പോഴും പ്രത്യാശയുടെ വെട്ടമാണ്. പുതിയ തീരുമാനങ്ങളും ഉൾക്കാഴ്ചകളുമാണ് വൈയക്തികതലത്തിൽ പുതുചൈതന്യം നമുക്ക് നൽകുവാൻ ഇടയാക്കുക. ഇടപെടേണ്ടിവരുന്ന സാഹചര്യങ്ങളും പരിസ്ഥിതിയും മാറാതെ നിൽക്കുമെന്നിരിക്കെ, മാറിയ വീക്ഷണവും ക്രിയാത്മകമായ തീർച്ചപ്പെടുത്തലുകളും പ്രത്യാശയോടെ മുന്നോട്ടുപോകുവാൻ ആവശ്യമാണ്. അതുകൊണ്ട് പുതുവർഷത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കുവാനും അത് പ്രാവർത്തികമാക്കുവാനും നമുക്ക് സാധിക്കണം. ഒരുപക്ഷേ, ഇന്ന് നാം എടുക്കുന്ന ഒരു തീരുമാനം ഭാവിയെ ആകമാനം പ്രകാശപൂരിതമാക്കാൻ ഇടയായേക്കാം, ഇടയാകണം. കൂടുതൽ മെച്ചമായ നിലയിലേക്ക് നമ്മുടെ ജീവിതങ്ങളും നമ്മിലൂടെ മറ്റുള്ളവരുടെ ജീവിതങ്ങളും മാറാൻ ഈ പുതുവർഷം അവസരമാകട്ടെ എന്ന് ആശംസിക്കുന്നു. ഏവർക്കും പുതുവർഷത്തിന്റെ നന്മ നിറഞ്ഞ ആശംസകൾ നേർന്നുകൊള്ളുന്നു.

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ

## Vision 2020

- Best Tertiary Health Care & Medical Education Destination in South India
- Affordable Medical Treatment for All
- Voluntary Rural Service by Medical Students after the Course Completion
- Home Service for Needy Patients by Our Health Care Team
- Free Dialysis for All
- Subsided / Free Treatment to all Needy Patients
- Quality Enhancement Through Appropriate Accreditation Processes like NABH / NAAC

## ഡോ. എച്ച്. എസ്. ഏഡൻവാല
## പ്ലാസ്റ്റിക് സർജൻ ഓഫ് ദി ഇയർ



അസോസിയേഷൻ ഓഫ് പ്ലാസ്റ്റിക് സർജൻസ് ഓഫ് ഇന്ത്യ (ASPI) ഈ വർഷത്തെ (2015) 'പ്ലാസ്റ്റിക് സർജൻ ഓഫ് ഇന്ത്യ' ആയി ഡോ. എച്ച്. എസ്. ഏഡൻവാലയെ തിരഞ്ഞെടുത്തു. ഈ ബഹുമതി അദ്ദേഹത്തിന് 2015 ഡിസംബറിൽ മുംബൈയിൽ നടക്കുന്ന ASPI യുടെ അമ്പതാമത് വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സമ്മാനിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭനായ പ്ലാസ്റ്റിക് സർജനെ ആദരിക്കുന്നതിനായിട്ടാണ് ASPI ഈ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

# നിനവ്

**പു**ലർമഞ്ഞ് പെയ്യുന്ന പുലരിതൻ പരിഭവം
പുലർക്കാല നോവിന്റെ ശംഖധ്വനി
പരിഭവം പറയുന്ന പെൺകിളിയോടായ്
ഒരു കഥ ഞാനും പറഞ്ഞിടുന്നു
ഒരു പേറ്റുനോവിന്റെ വേദനയെന്നപോൽ
ആ കഥ ഞാനും ഓർത്തിരുന്നു
എന്റെ കിനാവിലെ സ്വപ്ന വല്ലിയിലെന്നും
ആടിക്കളിക്കുന്നീ സ്വർണ്ണ സന്ധ്യ
എൻ ജീവിതഛായയായാം ആൽമരമെന്നും
ഈ കുളിർക്കാറ്റിൽ ചലിച്ചിരുന്നു
ഈറനണിഞ്ഞൊരീ മിഴികളും ഞാനും
നിന്റെ സ്വപ്നത്തിലെ ബാക്കി പത്രങ്ങളായ്
ആടിയും പാടിയും തേങ്ങിയും തീരാത്ത
ജീവിതമെൻമുന്നിൽ ഇനിയും ബാക്കിയായ്
എന്തിനായ് ഇനിയും ഈ ജീവിതമെൻ മുന്നിൽ
അർത്ഥമില്ലാതെ വ്യർത്ഥമായ് പിന്നെയും
നിനക്കായ് ഞാനിനും ഉരുകിത്തീർക്കുന്നു
ശേഷമാമെൻ ജന്മം കർപ്പൂരമായ് എന്നും
ഒടുവിലാ മരണത്തിൽ മെത്തയും തേടി
നിന്നിലെ നിന്നിൽ അലിഞ്ഞുചേരും
ഒരിക്കലും ഉണരാത്ത നിദ്രയെ പുൽകി
എന്നും ഈ ദേഹി കാത്തിരിക്കും.

**– വിധു ജിതേഷ്**

കുഞ്ഞിക്കഥ

# അമളിപറ്റിയ അമ്മാളു

**അ**ങ്ങേ വീട്ടിലെ അഹങ്കാരിയായ അമ്മാളുവമ്മക്ക് അന്നൊരിക്കൽ ഒരു വട്ടി നിറയെ പൊൻനെല്ലു കിട്ടി. പൊൻനെല്ലുമായി വീട്ടിലെത്തിയ അമ്മാളു അതു മറ്റാർക്കും നൽകാതെ ഒരു വലിയ കൊട്ടയിൽ ആക്കി മൂടിവെച്ചു. കൊട്ടയുടെ ആവശ്യവുമായി അയൽവാസികൾ വന്നപ്പോൾ അമ്മാളുവമ്മ സൂത്രത്തിൽ പൊൻനെല്ല് ഒരു മൺകലത്തിലേയ്ക്കു മാറ്റിവച്ചു.

നാളുകൾ കഴിഞ്ഞു ഒരു ദിവസം അമ്മാളുവിന്റെ പൊന്നുണ്ണിയുടെ പിറന്നാൾ വന്നു. പിറന്നാളിന് അയൽവക്കത്തുള്ളവരെല്ലാം പൊന്നരിപ്പായസം വച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. പൊന്നരി വീട്ടിൽ ഇല്ല എന്ന് അമ്മാളു അവരോട് പറഞ്ഞു. രാത്രി ഉറങ്ങാൻ കിടന്ന അമ്മാളു പുതപ്പ് മാറ്റിയെഴുന്നേറ്റ് ആരും കാണാതെ അടുക്കളയുടെ മൂലയിൽ സൂക്ഷിച്ചിരുന്ന മൺകലത്തിനടുത്തെത്തി. ഇനി പായസം വയ്ക്കാം. മൂടിയ കവർ എടുത്തു മാറ്റിയ അമ്മാളു അമ്പരന്നു. മൺകലം നിറയെ മുളച്ചു വളരാൻ തുടങ്ങിയ നെന്മണികൾ! ഇനി എങ്ങനെയാ പായസം വയ്ക്കുന്നത് എന്ന അമ്മാളുവമ്മയുടെ ചോദ്യം കേട്ട നെൽച്ചെടികൾ കളിയാക്കി ചിരിച്ചു കൊണ്ടു പറഞ്ഞു.

"നല്ല നല്ല കാര്യങ്ങൾ തോന്നേണ്ട നേരത്തു തോന്നാൻ മനസ്സിലെ അഹങ്കാരം മാറ്റിവയ്ക്കൂ! അന്നേ നെല്ലു കുത്തി ഉമിയാക്കി വച്ചാ പോരാരുന്നോ? ഇനി കരഞ്ഞിട്ടെന്താ ക്കാര്യം?".




**– കൃഷ്ണവേണി, MRD**

# Health with a Smile

***Wear a Smile and have friends;***
***Wear a scowl and have wrinkles***
***- George Elick***

**ജ**നുവരി 10 ലോകം ചിരിദിനമായി ആഘോഷിക്കുന്നു. നിങ്ങളുടെ ജീവിതത്തിലും ഒരു ദിനം ചിരിക്കായി മാറ്റിവയ്ക്കൂ. മനസ്സ് തുറന്നുള്ള ചിരി മറ്റുള്ളവർക്കും നിങ്ങൾക്കും സന്തോഷം തരുകയും, നിങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യും. ചിരിയുടെ ചില ആരോഗ്യവശങ്ങൾ ഇതാ:

- രക്തസമ്മർദ്ദം കുറയ്ക്കുന്നു.
- Stress hormone production കുറയ്ക്കുന്നു.
- പ്രകൃതിദത്തമായ വേദനസംഹാരി.
- T-cell ന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നു.
- മാനസിക ഉന്മേഷം നൽകുന്നു.
- ശ്വസനത്തെ മികച്ചതാക്കുന്നു.
- ഹൃദയാരോഗ്യത്തെ മെച്ചപ്പെടുത്തുന്നു.
- മസിലുകൾക്ക് വ്യായാമം നൽകുന്നു.
- നിങ്ങളെ കൂടുതൽ ചെറുപ്പമാക്കുന്നു.
- Attention വർദ്ധിപ്പിക്കുന്നു.
- ഹൃദയമിടിപ്പ് നോർമലാക്കുന്നു മുതലായവ

***ഇങ്ങനെ ഒരു ചിരിയിലൂടെ***
***നിങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കൂ.***

**GO AHEAD WITH A SMILE**
**IT'S GOOD FOR YOUR HEALTH!**

- ***Deepa Tom,*** *Nursing Tutor, School of Nursing*

# Through the foot steps of a great soul



***An interview with Dr. Sunny George***

**ഒ**രു ചെറുപുഞ്ചിരിയും നിഷ്കളങ്കമായ മനസ്സും അതാണ് പിഞ്ചോമനകളുടെ ഓമനയായ ഡോ. സണ്ണി ജോർജ്ജ് എന്ന നമ്മുടെ ശിശുരോഗവിദഗ്ദൻ. ജൂബിലി കുടുംബത്തിന്റെ എന്നതിനേക്കാൾ തൃശ്ശൂരിന്റെ സ്വന്തം ഡോക്ടറായി മാറിയ ഇദ്ദേഹം 1969 സെപ്റ്റംബർ 1 നാണ് മോൺ. മാത്യു മുരിങ്ങാത്തേരിയുടെ അനുവാദത്തോടും ആലപ്പാട്ട് പിതാവിന്റെ അനുഗ്രഹത്തോടുകൂടെയും ജൂബിലിയുടെ ഭാഗമായി മാറിയത്. നീണ്ട 45 വർഷത്തെ അദ്ദേഹത്തിന്റെ സേവനം ജൂബിലി എന്ന ഈ മഹാസാഗരത്തിന്റെ വളർച്ചയ്ക്ക് ഒരുപാട് സഹായിച്ചിട്ടുണ്ട്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്ന് കിട്ടിയ വിദഗ്ധ പരിശീലനത്തിനുശേഷം നമ്മുടെ ആശുപത്രിയിൽ വന്ന് ഡിപ്പാർട്ടുമെന്റ് ഓഫ് പീഡിയാട്രിക്സ് തുടങ്ങുകയും അതിനെ വളർത്താൻ ഒരു പാട് സഹായിക്കുകയും ചെയ്തു.

ജൂബിലി കുടുംബത്തിന്റെ വളർച്ചയിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന ഇദ്ദേഹം, സേവന പാതയിലേക്ക് കടന്നുവരുന്ന പുതുതലമുറയോട് പറയുന്നത് ഇത്ര മാത്രം **"You should be able, available and empathetic to the patient."** ഇന്നും തന്റെ സൗമ്യമായ പെരുമാറ്റത്തിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്ക് കടന്നുവന്ന ഇദ്ദേഹം ഇനിയും ഒരു പാട് വ്യക്തികൾക്ക് മാതൃകയും പ്രചോദനവും ആകട്ടെ എന്ന് ആശംസിക്കുന്നു.



**– ദീപ ടോം & സ്റ്റെഫി ജോർജ്ജ്**



ജൂബിലി മിഷനിൽ

# വേറിട്ട ക്രിസ്തുമസ് ആഘോഷം

തൃശ്ശൂർ : ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വേറിട്ട ക്രിസ്തുമസ് ആഘോഷം ജനശ്രദ്ധയാകർഷിച്ചു. ഉദാരമതികളുടെ സഹകരണത്തോടെ ഡിസംബർ 23 മുതൽ 29 വരെ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ് നടത്തി.

വിശുദ്ധ ചാവറ കുര്യാക്കോസച്ചന്റെ സന്ദേശമായ "ദൈവഹിതം നടക്കും, നടത്തും", വിശുദ്ധ ഏവുപ്രാസ്യാമ്മയുടെ വാക്കുകളായ "മരിച്ചാലും മറക്കില്ലാട്ടോ" എന്ന വാക്യവും പുൽകൂട്ടിൽ ചിത്രീകരിച്ചു. ഉണ്ണിയേശുവിന് സമീപം താലിബാൻ ഭീകരരുടെ വെടിവെയ്പ്പിലും, ചാവേർ ബോംബാക്രമണത്തിലും തകർന്ന പെഷവാർ സൈനികസ്കൂളിലെ ക്ലാസ് മുറിയും, മരിച്ച കുരുന്നുകളും, കത്തിച്ചാമ്പലായ പുസ്തകങ്ങളും, പഠനോപകരണങ്ങളും ചിത്രീകരിച്ചത് കണ്ണുകളെ ഈറനണിയിച്ചു. "പെഷവാറിലെ കുഞ്ഞുങ്ങളെ മാപ്പ്" എന്ന വാക്യം എല്ലാവരും ദീർഘനിശ്വാസത്തോടെയാണ് വായിച്ചത്.



സാമൂഹ്യ പ്രതിബദ്ധതയോടെ പാവങ്ങളുടെ പക്ഷം ചേർന്ന് പ്രവർത്തിക്കുന്ന ജൂബിലി മിഷന്റെ സ്വരമാണ് ഇപ്രാവശ്യത്തെ പുൽക്കൂടും, സൗജന്യ ഡയാലിസിസും, പാവപ്പെട്ട രോഗികൾക്കുള്ള ക്രിസ്തുമസ് ദിനത്തിലെ സൗജന്യഭക്ഷണവും, എന്ന് ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പറഞ്ഞു.

## ഡിപ്പാർട്ട്മെന്റ് ഓഫ് അനസ്തേഷ്യ

ശസ്ത്രക്രിയ വിഭാഗത്തിൽ പ്രധാനപ്പെട്ട ഒന്നാണ് അനസ്തീഷ്യ. 1958-ലാണ് ജൂബിലിയിൽ ഈ വിഭാഗം ആരംഭിച്ചത്. ആധുനിക സാങ്കേതിക വിദ്യകളിലൂടെ ഹോസ്പിറ്റൽ അനസ്തേഷ്യ രംഗം വളർച്ചയുടെ ഘട്ടത്തിലാണ്.



**Dr. Mariam Koshy Thomas** .......... HOD
**Dr Cherish Paul** .......................... Associate Professor
**Dr. Davies C. V.** ............................ Additional Professor
**Dr. Kamal Soniya** ........................ Additional Professor
**Dr. Sugatha Prakash** .................. Additional Professor
**Dr. Usha Shenoy** ........................ Additional Professor
**Dr. Sumesh Mathew** .................... Assistant Professor
**Dr. Amritha Menon** ..................... Assistant Professor
**Dr. Bijoy Chirayath** ..................... Assistant Professor
**Dr. Mohammed Mansoor** ............. Assistant Professor
**Dr. Sebastian S. Valiyaveedan** ... Assistant Professor
**Dr. M. G. Menon** .......................... Senior Resident
**Dr. Smitha Thomas** ...................... Senior Resident
**Dr. Sudha Muraleedharan** .......... Senior Resident
**Dr. Vigil Zacharia** ........................ Senior Resident
**Dr. Revi T. R.** ................................ Tutor

## NEW YEAR RESOLUTION - 2015

മനസ്സിൽ സുഖമുള്ള നിമിഷങ്ങളും, നിറമുള്ള സ്വപ്നങ്ങളും നനവാർന്ന ഓർമ്മകളും ബാക്കിയാക്കി ഒരു ഡിസംബർ കൂടി മായുന്നു. പുതിയ പ്രതീക്ഷകളുടേയും, സ്വപ്നങ്ങളുടേയും ഒരു പുത്തൻ വർഷം കടന്നെത്തി. അക്ഷരത്താളുകളിൽ കോറിയിടാവുന്ന സുഖദുഃഖങ്ങളുടെ ഒത്തിരി ഒത്തിരി അനുഭൂതികളാണ് 2014, നമുക്ക് സമ്മാനിച്ചത്.

പൂർണ്ണമായും ഇന്റർനെറ്റിൽ അധിഷ്ഠിതമായിരിക്കുന്ന പുത്തൻ തലമുറ അപകടങ്ങളിലേക്ക് പോവാതെ ശ്രദ്ധിക്കേണ്ടത് നാമോരുത്തരുടേയും കടമയാണ്. സ്വയം ആത്മവിചിന്തനം നടത്തിക്കൊണ്ട്, ആത്മസമർപ്പണമുള്ള വ്യക്തിത്വങ്ങളായി മാറാൻ നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. ആത്മസമർപ്പണം നമ്മെ നന്മകളിലേക്ക് നയിക്കും. നിസ്വാർത്ഥ സേവനത്തിലൂടെ, ജൂബിലിയുടെ ഉന്നമനത്തിൽ നമുക്ക് പങ്കാളികളാവാം.

*എല്ലാ ജൂബിലി കുടുംബാംഗങ്ങൾക്കും പുതുവത്സരാശംസകൾ...*

**- ഫെമി ഫിലിപ്പ്, ലാബ്**



## മധുര നാരങ്ങാ ഷെയ്ക്ക്

### ആവശ്യമുള്ള സാധനങ്ങൾ -

1. നന്നായി പഴുത്ത മധുര നാരങ്ങ - 4 എണ്ണം
2. തണുപ്പിച്ച വെള്ളം - 4 ഗ്ലാസ്സ്
3. പഞ്ചസാര - 100 ഗ്രാം
4. ചെറിയ പഴം (ഞാലിപ്പൂവൻ) - 1 എണ്ണം
5. അണ്ടിപരിപ്പ് / കപ്പലണ്ടി - ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം :** നന്നായി പഴുത്ത മധുര നാരങ്ങ തൊലികളഞ്ഞ് അല്ലികളാക്കി മാറ്റുക. തൊലികളഞ്ഞ മധുര നാരങ്ങയുടെ അല്ലി, ചെറിയ പഴം (ഞാലിപ്പൂവൻ), തണുപ്പിച്ച വെള്ളം എന്നിവ ചേർത്ത് മിക്സിയിലിട്ട് ചേർത്തടിയ്ക്കുക. അത് ഒരു ബൗളിലൊഴിച്ച് പഞ്ചസാര ചേർത്ത് ഇളക്കുക. മുകളിൽ അണ്ടിപരിപ്പോ കപ്പലണ്ടിയോ കൊണ്ടലങ്കരിക്കുക.

**- കൃഷ്ണവേണി, MRD**



# ജൂബിലി മിഷൻ ആശുപത്രിക്ക് 63 വയസ്സ്

**ജൂ**ബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ 63-ാം സ്ഥാപകദിനാചരണം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ആതുരസേവനരംഗത്ത് തൃശ്ശൂരിലെ പ്രധാനസ്ഥാപനമെന്ന നിലയിൽ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് ആശ്രയമാകുന്നതിൽ ജൂബിലി മിഷൻ സ്തുത്യർഹമായ സേവനമാണ് ചെയ്തുവരുന്നതെന്ന് ആർച്ച്ബിഷപ്പ് അഭിപ്രായപ്പെട്ടു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രിയിൽ മുപ്പത് വർഷവും അതിൽകൂടുതലും സേവനം ചെയ്തവരെ പ്രത്യേകം ആദരിച്ചു. 'ജൂബിലി മിഷൻ ഒരു സ്നേഹകുടുംബം' എന്ന ലക്ഷ്യത്തോടെ ജൂബിലി മിഷനിലെ വാർത്തകളും പൊതുപരിപാടികളും, സേവനമേഖലകളും ജനങ്ങളിലേക്ക് എത്തിക്കുവാൻ 'ജൂബിലെറ്റ്' എന്ന പ്രതിമാസ വാർത്താപത്രികയുടേയും, ബ്രോഷറിന്റേയും ഔദ്യോഗിക പ്രകാശനം യഥാക്രമം മുൻ ഡയറക്ടർമാരായ ഫാ. റാഫേൽ വടക്കൻ, ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് എന്നിവർ നിർവ്വഹിച്ചു.

## ജൂബിലിയിലെ പുതുവർഷകുഞ്ഞിന് 'അരപവൻ' സ്വർണ്ണനാണയം നൽകി

തൃശ്ശൂർ : ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സാധാരണ പ്രസവത്തിലൂടെ പുതുവർഷത്തിൽ ജനിച്ച കുട്ടിക്ക് ശ്രീ. ചിറക്കേക്കാരൻ കിരൺ പോൾ സ്പോൺസർ ചെയ്ത അരപവൻ സ്വർണ്ണനാണയം ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സമ്മാനിച്ചു. തൃശ്ശൂർ ജില്ലയിലെ പൂവൻചിറ നെല്ലിപറമ്പിൽ അയ്യപ്പൻ-രഞ്ജിനി ദമ്പതികൾക്കുണ്ടായ ആൺകുഞ്ഞിനാണ് ഭാഗ്യസമ്മാനം ലഭിച്ചത്. കൂടാതെ പുതുവർഷത്തോടനുബന്ധിച്ച് ഒരുലക്ഷത്തിഇരുപതിനായിരം രൂപയുടെ സൗജന്യ ഡയാലിസിസും ജൂബിലിയിൽ നടന്നു. ലൂർദ് കത്തീഡ്രൽ പള്ളി, ബ്രഹ്മകുളം പള്ളി, പാലക്കൽ സെന്റ് മാത്യൂസ് പള്ളിയിലെ മതബോധന യൂണിറ്റ് എന്നിവരുടെ സഹകരണത്തോടെയാണ് സൗജന്യ ഡയാലിസിസ് നടത്തുന്നത്.



## New Members to Jubilee

| Name | Department |
|---|---|
| Rhia Elizabeth Sabu | – Nursing |
| Ancy Vincent | – " |
| Jismy Jose | – " |
| Seena Tony | – " |
| Anitha Antony | – " |
| Aswathy P. A. | – " |
| Sowmya Paul T. | – " |
| Kency Jaison (C. J.) | – " |
| Leeha Joy Margaret | – " |
| Sophia Soloman | – " |
| Neethu P. J. | – " |
| Asha Antony | – " |
| Teena Mathew | – " |
| Lali C. D. | – " |
| Riya Joy | – " |
| Nicy Jose K. | – " |
| Reji Jose | – " |
| Solly Varghese | – " |
| Anjaly Vijayan | – " |
| Shinu P. Thomas | – " |
| Priyamol John | – " |
| Reshma T. M. | – " |
| Preethymol Francis | – " |
| Mini K. P. | – " |
| Mini P. M. | – Nursing |
| Fiji K. J. | – " |
| Jolsna Jose | – " |
| Demy Davis | – " |
| Beetha Babu D. | – " |
| Vincy Varghese | – " |
| Sowbhagya Antony A. | – " |
| Deepa U. | – " |
| Renu M.S. | – ECHS |
| Claris Shan | – ECG |
| Dhanya C.S. | – OT |
| Jancy Davis | – MRD |
| Drisya A. | – ECHO, TCC, JH |
| Shafna T. | – ECHO, TCC, JH |
| Chinju Varghese | – Pharmacy |
| Aswathy Ramesh | – Pharmacy |
| Syamili K. R. | – Pharmacy |
| Elby Lazar | – Front office Co-ordinator |
| Shalet Rani M.S | – PRO, Hrudayalaya |
| Suma Elizabeth Paul | – PMO, Training |

## ജൂബിലി മിഷൻ നേഴ്സിങ്ങ് സ്ക്കൂൾ സുവർണ്ണജൂബിലി 'ലോഗോ' പ്രകാശനം

തൃശ്ശൂർ : പാവങ്ങളുടെ ആശുപത്രിയായ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നേഴ്സിങ്ങ് സ്കൂൾ ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്നു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നേഴ്സിങ്ങ് സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനവും, അഞ്ചാമത് ബാച്ച് വിദ്യാർത്ഥികളുടെ തിരിതെളിയിക്കൽ ചടങ്ങിന്റെ ഉദ്ഘാടനവും ജനുവരി 16-ന്, 2.30-ന് നിർവ്വഹിക്കും. നേഴ്സിങ്ങ് സ്കൂളിന്റെ പ്രഥമ പ്രിൻസിപ്പൽ റവ. സി. ബ്ലെസില പാലോക്കാരൻ എഫ്.സി.സി.-യെ ചടങ്ങിൽ ആദരിക്കും. സുർണ്ണ ജൂബിലി ആഘോഷത്തിന്റെ ലോഗോ പ്രകാശനം സാഗർ രൂപതാ മെത്രാൻ മാർ ആന്റണി ചിറയത്തും, ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്തും ചേർന്ന് നിർവ്വഹിച്ചു. 1966ൽ സർക്കാർ അനുമതിയോടെ GNM കോഴ്സ് ആരംഭിച്ചു. ആദ്യം കേവലം 15 വിദ്യാർത്ഥികളോടെ തുടങ്ങി, ഘട്ടം ഘട്ടമായി വിദ്യാർത്ഥികൾ വർദ്ധിച്ച് ഇന്നു 50 വിദ്യാർത്ഥികൾ ഉള്ള 4 ബാച്ചുകളായി 200 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കി വരുന്നു. ഏകദേശം 1751 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി, ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജോലി ചെയ്ത്, ജൂബിലി മിഷൻ നേഴ്സിങ്ങ് സ്കൂളിന്റെയും, ജൂബിലി ഹോസ്പിറ്റലിന്റെയും യശസ്സുയർത്തികൊണ്ടിരിക്കുന്നു.



### ജൂബിലെറ്റ് കവിത രചനമത്സരം

രചനകൾ ജനുവരി 24-ന് മുമ്പായി ഫ്രണ്ട് ഓഫീസിലുള്ള ആർട്ടിക്കിൾ ബോക്സിൽ ഇടേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന കവിതയ്ക്ക് സമ്മാനം നൽകുന്നതാണ്. സമ്മാനാർഹമായ കവിത അടുത്ത ലക്കം ജൂബിലെറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **വിഷയം : ആശ്രയം**

**Editorial Board**

Fr. Joby Kadappuran | Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Dr. Fiju Chacko | Dr. Harris Paul | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Vijoy C. V. |
Ms. Liya | Ms. Deepa Tom | Ms. Sheena Darlin | Ms. Ansa | Ms. Rakhi K. B. | Ms. Niviya Nello | Ms. Krishnaveni | Ms. Stefy C. Joseph | Ms. Ashly Jose | Ms. Dency Devassy